Page 1 of 1

രൂപയുടെ ഒരു വർക്കിന് ടെൻഡർ വേവിംഗ് സിസ്റ്റമനുസരിച്ച് കൊടുക്കാനാവശ്യമായ.......; ബഡ്ജറ്റ് മാനുവലിലെ 15(8) (1) പാരായിലെ ദുർബലമായ ഒരു ഭാഗം,- 'എക്സ്ട്രീം അർജൻസി' എന്നു പറയുന്ന ഒരു ഭാഗം.- 'എക്സ്ട്രീം അർജൻസി' എന്നൊരു വിഷയമുണ്ട്. ഈ 'എക്സ്ട്രീം അർജൻസി' എന്നു പറയുന്നത്, -അത് ഒരു വർക്കിന് അത്യാവശ്യം വരുന്ന ചില പ്രത്യേക ഘട്ടങ്ങളിൽ കൊടുക്കാനുള്ള സംഗതിയാണ്. എന്നാൽ ആ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടാണ് ഈ നിലയിലുള്ള വലിയ കൊള്ള നടന്നിട്ടുള്ളത്. ഒൻപത് റോഡ് ഡിവിഷനുകളിലായി 72 പ്രവൃത്തികൾക്ക് 210 കോടി രൂപയാണ് വേവിംഗ് ടെൻഡർ കോൾ സൗകര്യം പ്രയോജനപ്പെടുത്തി ഈ അഞ്ചു വർഷക്കാലത്തിനിടയിൽ കൊടുത്തത്.

## VII. ക്രമപ്രശ്നം

### (1) സഭയിൽ അംഗമല്ലാത്ത ഒരാളെക്കുറിച്ചുള്ള പരാമർശം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. സഭയിൽ ഇല്ലാത്ത ഒരു അംഗത്തെക്കുറിച്ച് അഴിമതി ആരോപണമാണ് ഇവിടെ ഉന്നയിക്കുന്നത്. 'കൊള്ള നടത്തി' എന്നൊക്കെ പറഞ്ഞു. ഇത് സാധാരണ നിലയിൽ സഭയിൽ ഉള്ളവരെക്കുറിച്ചുപോലും എഴുതിക്കൊടുത്തേ ഉന്നയിക്കാൻ പാടുള്ളൂ. പുറത്തുള്ള ഒരാൾക്ക് മറുപടി പറയാൻ കഴിയില്ല. അങ്ങ് അനുവദിച്ചതിന്റെ പേരിൽ എന്തും പറയാൻ പാടില്ല. അതുകൊണ്ട് ഈ പറഞ്ഞ പരാമർശങ്ങൾ രേഖയിൽനിന്ന് നീക്കണം. ഇത് ഓർഡറിൽ അല്ല. റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണം.

ശ്രീ. കെ.വി. കുഞ്ഞിരാമൻ : ഇത് കേരളത്തിന്റെ ബഡ്ജറ്റാണ്. കേരളത്തിന്റെ ബഡ്ജറ്റിനകത്ത്.....................

## VIII. റൂളിംഗ്

മി. സ്പീക്കർ : പരിശോധിക്കാം ...............(ബഹളം)...............ശ്രീ. കെ.വി. കുഞ്ഞിരാമൻ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട അംഗം സഭയിലുള്ള ആരെപ്പറ്റിയും പറഞ്ഞിട്ടില്ല. ഈ സഭയ്ക്ക് അകത്തും പുറത്തും കേരളത്തിലൊട്ടാകെ ബാധകമായിട്ടുള്ള ചട്ടങ്ങൾ ഈ സംസ്ഥാനത്ത് ലംഘിക്കപ്പെട്ടു എന്ന കാര്യമാണ് പറഞ്ഞിട്ടുള്ളത്. അത് സഭാനടപടികൾക്ക് എതിരല്ല. ഇവിടെ സുനാമി ദുരിതാശ്വാസ ഫണ്ട് ചില മണ്ഡലങ്ങൾക്ക് മാത്രമായി വകമാറ്റി ചെലവഴിച്ച കാര്യം വെളിക്കുവന്നു. അതുപോലെ നമ്മുടെ സംസ്ഥാനത്ത് ടെൻഡർ വിളിക്കാതെ മഞ്ചേരി മണ്ഡലത്തിൽ മാത്രം നടക്കുന്ന വർക്കുകൾക്ക് കോടിക്കണക്കിന് രൂപ ചെലവാക്കിക്കൊണ്ട് കൊടുത്ത.....................

മി. സ്പീക്കർ : അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യും. †

ശ്രീ. കെ.വി. കുഞ്ഞിരാമൻ : ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ആർക്ക് എതിരായും അഴിമതി ഒന്നും ഉന്നയിച്ചിട്ടില്ല. നിലവിലുള്ള ധനസംബന്ധമായ ഉത്തരവാദത്തെ സംബന്ധിച്ചും .....................(ബഹളം).....................

മി. സ്പീക്കർ : ചെയർ പറഞ്ഞു കഴിഞ്ഞു. ശ്രീ. കെ.വി. കുഞ്ഞിരാമൻ, അങ്ങയുടെ സമയം കഴിഞ്ഞു.

---

[† സഭാദ്ധ്യക്ഷന്റെ ഉത്തരവിൽ പ്രകാരം (ഫയൽ നമ്പർ : 1157/EB/2007/Leg.) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.]

LIBRARY ARCHIVES Kerala Legislative Assembly